



# ഒരു അധ്യക്ഷപ്രഭാഷണം

ഇടശ്ശേരി

സുഹൃത്തുക്കളേ,

പുരോഗമനസാഹിത്യത്തെക്കുറിച്ചാണ് എനിക്ക് ആദ്യം പറയാനുള്ളത്. കുറച്ചുമുമ്പെ ഇവിടെ ഒരു ചർച്ച നടന്നു; അതിൽവെച്ച്, ഞാനുൾപ്പെടെ കേരളത്തിൽനിന്നു വന്നവർ ഒഴിഞ്ഞുമാറിക്കളയുന്നു എന്നോ മറ്റോ പറഞ്ഞു കേട്ടു. അതെല്ലാം വെറുതെ പറയുകയാണ്. ഞങ്ങൾക്ക് ഉള്ള അഭിപ്രായം തുറന്നു പറയുന്നതുകൊണ്ട് ഒരാപത്തും സംഭവിക്കാൻ പോകുന്നില്ല. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ തിരഞ്ഞെടുപ്പിനു നിൽക്കാൻ പോകുന്നില്ല. പിന്നെ വഴിക്കു വഴിയെ ആസ്ഥാനകവിപ്പട്ടത്തിന്റെ നമ്പിടിസ്ഥാനം എന്റെ ഊഴത്തിന് എത്തുകയാണെങ്കിൽ അപ്പോഴേയ്ക്ക് എന്റെ അറുപതാം ശ്രാദ്ധദിനവും കഴിഞ്ഞിരിക്കും.

ജനങ്ങളുടെ സാംസ്കാരികപുരോഗതിയായിരിക്കണം സാഹിത്യസൃഷ്ടിയുടെ ഉദ്ദേശ്യം. അവരെ സാമ്പത്തികസമത്വത്തിനുള്ള സമരത്തിൽ അണിനിരത്തണം. ഇതിലൊന്നും ആർക്കും അഭിപ്രായവ്യത്യാസമില്ല. എങ്ങനെ സാധിക്കണം? ആ കാര്യത്തിലാണ് വെളിച്ചം വേണ്ടത്. ഇതൊരു പ്രസംഗത്തിൽ ഒതുക്കിനിർത്താവുന്ന വിഷയമല്ല. എഴുത്തുകാരൻ കഷ്ടപ്പെടുന്ന ഭൂരിപക്ഷം ജനതയുടെ പക്ഷത്തിൽത്തന്നെ നിൽക്കണം. അയാൾ താൻ ജനങ്ങളിൽ ഒരാളാണെന്ന് മനസ്സിലാക്കുകയും വേണം. ഇത് ഊന്നിപ്പറയേണ്ടിയിരിക്കുന്നു. കാരണം എഴുത്തുകാരൻ ജനതയുടെ പക്ഷത്തിലാണ് നിൽക്കേണ്ടത്, രാഷ്ട്രീയകക്ഷിയുടെ പക്ഷത്തിലല്ല. എന്നിട്ട് ജനങ്ങളുടെ സർവതോന്മുഖമായ പുരോഗതിക്ക് ആവശ്യമാണെന്നു തനിക്ക് ബോധ്യമുള്ളതിനെപ്പറ്റി എഴുതുകയും വേണം. അങ്ങനെ ചെയ്യുന്നതു കൊണ്ട് ഏതു രാഷ്ട്രീയകക്ഷിക്ക് കൂടുതൽ വോട്ടുകിട്ടുന്നു എന്ന കാര്യത്തിൽ എഴുത്തുകാരൻ ഉദാസീനനാണ്. കാരണം താൻ ബഹുജനങ്ങൾക്ക് വെളിച്ചം കാണിച്ചുകൊടുക്കുന്ന വഴിയിലൂടെ ഏതു രാഷ്ട്രീയകക്ഷി ബഹുജനത്തെ നയിക്കുന്നുവോ ആ പാർട്ടി വിജയിച്ചുകൊള്ളും എന്ന് രാഷ്ട്രീയ മോഹങ്ങളൊന്നുമില്ലാത്ത എഴുത്തുകാരനറിയാം. അപ്പോൾ ഇതാവും വ്യത്യാസം; ഇന്നു കോൺഗ്രസ്സ് കക്ഷി പറയും, സൃഷ്ടിപരമായ കാര്യങ്ങളെക്കുറിച്ചെഴുതൂ. അതാ കുറ്റിപ്പുറത്തൊരു പാലം-ഉടനെ കോൺഗ്രസ്സ് കവി എഴുതണം, ‘അഹോ പാലം മനോഹരം!’ അല്ലെങ്കിൽ കമ്യൂണിസ്റ്റ് കക്ഷി പറയും, ‘നാളെ ഞങ്ങൾ കോഴിക്കോട്ട് ഒരു പണിമുടക്കിന് ആഹ്വാനം നൽകുന്നുണ്ട്’, അതിനെപ്പറ്റി എഴുതൂ. അപ്പോൾ കവി പാടണം, ‘പോവുക പോവുക പോരിനു നാം’ ഈ നിലപാട് തീരെ മറിച്ചിടണം. എഴുത്തുകാരൻ ബഹുജനങ്ങളിൽ അവരുടെ സാംസ്കാരികവും സാമ്പത്തികവുമായ അടിമത്തത്തെപ്പറ്റി ബോധമുണ്ടാക്കുന്നതും അതിനെ വലിച്ചുനീക്കാൻ പ്രചോദനം നൽകുന്നതുമായ ബോധമുളവാക്കണം. അതിനു വേണ്ടതെന്തോ അതെഴുതണം. ഇന്നതെന്ന് ആരും നിർദ്ദേശിക്കേണ്ടതില്ല. അതയാൾക്കറിയാം. അതയാൾ ചെയ്തുവരുന്നുണ്ട്. അതിന്റെ ഫലമായി ബഹുജനം മെല്ലെ മെല്ലെയെങ്കിലും ഉദ്ബുദ്ധമായി വരുന്നുമുണ്ട്. അവരെക്കൊണ്ട് മഹത്തായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കുവാൻ രാഷ്ട്രീയമായി ആവശ്യമുള്ളത് ചെയ്യിക്കാൻ പുരോഗമനപരമായ വീക്ഷണഗതിയും ലക്ഷ്യവുമുള്ള രാഷ്ട്രീയ പാർട്ടിക്കു സാധിക്കും. അത്രമാത്രം.

ഇനി പുരോഗമനപരമായ സാഹിത്യനിർമാണത്തിന് ഏതെല്ലാം വിഷയങ്ങൾ തിരഞ്ഞെടുക്കാം എന്നതിനെപ്പറ്റിയും വലിയ വാദം കേൾക്കുന്നുണ്ട്. അനുകാല സംഭവങ്ങളെപ്പറ്റി എഴുതണം എന്നു തുടങ്ങിയ നിർദ്ദേശപരമ്പര ഇപ്പോൾ അനുദിനസംഭവങ്ങളെപ്പറ്റി മാത്രമേ എഴുതാവൂ എന്ന ശാസനവരെ എത്തീട്ടുണ്ട്. അത്രത്തോളം എത്തിയപ്പോൾ ഒന്നു പിന്തിരിഞ്ഞു നോക്കുവാൻ സ്വാഭാവികമായി ഒരു കൗതുകം തോന്നുകയാണ്. ഇതിവൃത്തം പൗരാണികമാവുമ്പോൾ ആ സാഹിത്യകൃതി പിന്തിരിപ്പനായിപ്പോകുമെന്നത് തിട്ടപ്പെട്ടുകഴിഞ്ഞ ഒരു കാര്യമായി കണക്കാക്കി വരുന്നു എന്നു തോന്നുന്നു. 1950-ന്റെ ഒടുവിലെ ആഴ്ചകളിൽ പ്രസിദ്ധപ്പെടുത്തിയ ഒരു പുസ്തകം ഞാൻ വായിക്കയുണ്ടായി. വ്യാസന്റെ മഹാഭാരതത്തിൽ നിന്ന് ചില കഥകൾ അതേപടി പകർത്തി ഓരോന്നിനും തന്റേതായ ഒരു വ്യാഖ്യാനം കൊടുത്തിരിക്കയാണ് ആ ഗ്രന്ഥകർത്താവ്. പു.സാ.യുടെ വിരോധിയാണെന്ന് എങ്ങനെയോ ഒരു പേരു വീണ കുട്ടികൃഷ്ണമാരാരാണ് പുസ്തകമെഴുതിയിരിക്കുന്നത്. അപ്പോൾ പിന്തിരിപ്പൻ പുസ്തകമാവാം. പക്ഷേ, പുസ്തകം വായിച്ചപ്പോൾ അതു തോന്നിയില്ല. കിരാതമൂർത്തി എന്നൊരു കഥ അതിലുണ്ട്. പാണ്ഡവരുടെ വനവാസകാലം. പലരും കാട്ടിൽ ചെന്ന് അവരെ കാണുന്ന കൂട്ടത്തിൽ ഒരു ദിവസം മഹർഷിയായ





മാർക്കണ്ഡേയൻ വരുന്നു. മഹർഷിമാർ അന്ന് ചേരിതിരിഞ്ഞിരുന്നില്ല. അവർ ദുര്യോധനന്റെ കൊട്ടാരത്തിലും ചെല്ലും, പാണ്ഡവരുടെ ആശ്രമത്തിലും ചെല്ലും. പിന്നെ പാണ്ഡവർ നല്ലവരായതുകൊണ്ടും കാട്ടിൽ തങ്ങളോടൊപ്പം പാർക്കുന്നതുകൊണ്ടും അവരോട് കൂടുതൽ അനുകൂലഭാവവും കാണിക്കും. അപ്പോൾ മാർക്കണ്ഡേയൻ വന്നു. ധർമപുത്രരെ നോക്കി മന്ദഹസിച്ചു. എന്താണ് എന്റെ വ്യസനത്തിനുനേരെ ചിരിക്കുന്നത് എന്നോ മറ്റോ രാജാവ് ചോദിച്ചു. അപ്പോൾ മഹർഷി ഒരു വാചകം പറഞ്ഞു. ആ വാചകത്തിന്റെ വ്യാഖ്യാനമാണ് ആ കഥയിലെ അനന്തര സംഭവങ്ങൾ. മഹർഷിയുടെ ഉത്തരം ഇങ്ങനെയായിരുന്നു: 'താൻ ബലത്തിന് ആളല്ലെന്നു വന്നാൽ അധർമം ചെയ്യാം.' എന്നിട്ട് യുദ്ധംചെയ്ത രാജ്യം ഭരിക്കേണ്ട ക്ഷത്രിയധർമം വിട്ട് കാട്ടിൽ നടന്ന ദാശരഥി രാമനെപ്പറ്റിയും വിധാതാവിന്റെ ആജ്ഞയ്ക്ക് വഴങ്ങി നിൽക്കുന്ന വൻഗജങ്ങളെപ്പറ്റിയും പറഞ്ഞ് മഹർഷി പോവുകയും ചെയ്തു. അടുത്തുണ്ടായത് കാട്ടിൽക്കിടന്നു മടുത്ത രാജപത്നിയായ പാഞ്ചാലിയും യുവരാജാവായ ഭീമനുംകൂടി ധർമപുത്രരുടെ നേർക്ക് വാക്കുകൊണ്ടുള്ള ഒരാക്രമണമാണ്. ധർമത്തിന്റെ പേരും പറഞ്ഞ് യുദ്ധംചെയ്യാൻ സമ്മതിക്കാതെ താപസവൃത്തി അനുഷ്ഠിക്കുന്നതിനെപ്പറ്റിയാണ് ആക്ഷേപം. മാരാരുടെ ഭാഷയിൽ അവർ രാജാവിന്റെ രണ്ടു ഭാഗത്തുംനിന്ന് മുറയ്ക്കൊരു തിരിയുഴിച്ചിൽ തന്നെ നടത്തി. അപ്പോൾ ആ ധർമനിഷ്ഠന്റെ കുലായത്തിന്റെ ഉള്ളിൽ നിന്ന് തനിനിറം പുറത്തു വന്നു: 'ഭീമ, കാര്യമൊക്കെ ശരി, നമുക്കു യുദ്ധം ചെയ്യാം. പക്ഷേ, ഭീഷ്മരും കർണ്ണനും ദ്രോണരുമെല്ലാം അവരുടെ ഭാഗത്തുണ്ട്. അവർ അജയ്യരുമാണ്. അവരെ ജയിക്കാതെ നിനക്ക് ദുര്യോധനനെ പിടിച്ചു കൊല്ലാൻ കിട്ടില്ല.' ഭീമൻ പിന്നെ ഒന്നും പറഞ്ഞില്ല. കൂടുതൽ ബലം സമ്പാദിക്കണമെന്ന് പാണ്ഡവന്മാർ തീർച്ചപ്പെടുത്തി. അർജുനൻ തപസ്സുചെയ്തു. ദിവ്യാസ്ത്രങ്ങൾ വാങ്ങി എന്നും മറ്റും ആ കഥ നീണ്ടുപോകുന്നു.

'ഭാരതപര്യടന'ത്തിലെ കഥകൾ വായിക്കുമ്പോൾ പണ്ടുകാലത്ത് ജീവിച്ച രാജാക്കന്മാരുടെ കിടമത്സരത്തെപ്പറ്റിയല്ല ഒരാൾ ചിന്തിച്ചുപോകുന്നത്-രാജാക്കന്മാർ പോയി. പക്ഷേ, സിംഹാസനങ്ങൾ ഇപ്പോഴുമുണ്ട്. ഭരണകർത്താക്കളും ഭരണീയരുമുണ്ട്. രാജാവിന്റെ സ്ഥാനത്ത് രാഷ്ട്രീയകക്ഷി, ഭരണീയരുടെ സ്ഥാനത്ത് ആ പഴയ പൊതുജനംതന്നെ. രാഷ്ട്രീയപാർട്ടികളുടെ വനവാസവും അജ്ഞാതവാസവും ഇന്നുമുണ്ട്. രാജധർമം പോലെത്തന്നെ ഈ കക്ഷികളുടെ ധർമവും അജ്ഞാതവാസം വരിക്കലല്ല. അധികാരത്തിനുവേണ്ടി സമരം ചെയ്ത് രാജ്യം അടക്കി വാഴലാണ്. ആ കാര്യത്തിൽ രാജിയില്ല. അത് ചെയ്യാതെ 'കാടേ നമുക്കു ഗതി' എന്നുപറഞ്ഞു കൂടുന്നത് അധർമമാണ്. അത് അഹിംസാവ്രതംകൊണ്ടുമല്ല, ജ്ഞാതിവാത്സല്യം കൊണ്ടുമല്ല. ദൗർബല്യം! അതു നീങ്ങാൻ ദിവ്യാസ്ത്രം നേടണം. ദിവ്യാസ്ത്രങ്ങൾ ഇപ്പോൾ പൊതുജനാനുകൂല്യമാണ്. അപ്പോൾ 1951-ൽ ഈ കഥ വായിക്കുന്ന ഒരാൾ അതിൽ മാർക്കണ്ഡേയൻ ധർമപുത്രരോട് പറയുന്നതല്ല കാണുന്നത്, പിന്നെയോ, കുട്ടികൃഷ്ണമാരാർ ഇ.എം.എസ്സിനെ നോക്കി ചിരിച്ചുകൊണ്ട്, 'താൻ ബലത്തിനാളല്ല എന്നു വന്നാൽ അധർമം ചെയ്യാം' എന്നു സമാശ്വസിപ്പിക്കയും കൂടുതൽ ബലം നേടൂ എന്ന് പരോക്ഷമായി ഉപദേശിക്കയുമാണ്.

ഓ, ഇതെല്ലാം ഭ്രാന്ത്, മാരാർ കോൺഗ്രസ്സുകാരനാണ്. മാരാരുടെ സാഹിത്യപ്രവർത്തനം ഒരു വിധത്തിലും കമ്യൂണിസ്റ്റുകാർക്ക് ഉപകരിക്കില്ല എന്നു പറയുന്നവരുണ്ടാവാം. അവർ മാരാരെ മാത്രമല്ല, എഴുത്തുകാരെ ആരേയും മനസ്സിലാക്കീട്ടില്ല എന്നാണർഥം. ഒരു സാഹിത്യകാരൻ സാഹിത്യ നിർമാണം ചെയ്യുമ്പോൾ അതിന്റെ ഫലമായി ഞാൻ മുമ്പ് പറഞ്ഞപോലെ ഏത് രാഷ്ട്രീയപാർട്ടിക്കാണ് വോട്ടധികം കിട്ടുക എന്ന് അന്വേഷിക്കലില്ല.

അപ്പോൾ ആയിരത്താണ്ടുകൾക്ക് മുമ്പുണ്ടായ പാണ്ഡവരുടെ വനവാസ കഥ പുരോഗമന സാഹിത്യത്തിന്റെ ഈ യുഗത്തിൽ പിന്തിരിപ്പനായിപ്പോയെന്ന് 'ഭാരതപര്യടനം' വായിച്ചവർക്ക് പറയാനൊക്കുമോ? ഉവ്വെങ്കിൽ, എന്റെ പുരോഗമനബോധത്തിന് എന്തോ തകരാറുണ്ട്. ഞാനിപ്പോഴും പഠിക്കുകയാണ്. തെറ്റുപറ്റി എന്നു മനസ്സിലായാൽ, ഒരുപാധിയുമില്ല, ഞാനതു തിരുത്തുകയും ചെയ്യും.

ഇതിവൃത്തം പൗരാണികമോ ആധുനികമോ എന്നുള്ളത് ഒരു മാനദണ്ഡമേ അല്ല. ടെന്നിസൻ 'പോയറ്റ്സ് സോങ്' എന്ന ലഘുകവിതയിൽ പറയുംപോലെ, കവി പാടുന്നത് ശതാബ്ദങ്ങൾ നീങ്ങിയാൽ ഈ ലോകം എന്താവുമെന്നാണ്. ശതാബ്ദങ്ങളോടൊപ്പം ലോകം നീങ്ങുന്നു. ശതാബ്ദങ്ങൾക്കും പിന്നിൽനിന്നു വരുന്ന കവിയുടെ ഗാനംപോലും വീണ്ടും ശതാബ്ദങ്ങൾക്കുമപ്പുറത്ത് ലോകം എന്താവും എന്നതിനെപ്പറ്റിയാണ്.

മതി. തത്ത്വങ്ങൾക്കു പിന്നാലെ ആകാശത്തിൽ തപ്പിനടക്കലായിരുന്നില്ല ഇന്നത്തെ അധ്യക്ഷപ്രസംഗംകൊണ്ട് ഞാനുദ്ദേശിച്ചിരുന്നത്. ചുരുക്കത്തിൽ ഞാൻ എന്റെ ഉദ്ദേശ്യവും നിറവേറ്റട്ടെ. ഈ മദിരാശിയിൽ വെച്ച് എന്തെങ്കിലും പറഞ്ഞാൽ അതിന് എന്റെ നാട്ടിൻപുറത്തുവെച്ച്





കൂക്കിവിളിച്ചാലുണ്ടാവുന്നതിലും കൂടുതൽ ഫലമുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ നഗരത്തിൽവെച്ചാണല്ലോ ഈ വലിയ സംസ്ഥാനത്തിന്റെ മുഴുവൻ ഭാഗധേയവും നിയന്ത്രിക്കപ്പെടുന്നത്.

കലാകാരന്മാർ ബഹുജനങ്ങളുമായി ഇടപെടുകയും അവരുടെ സാംസ്കാരിക സാമ്പത്തിക പുരോഗതിക്കുവേണ്ടി വേല ചെയ്കയും വേണമെന്നാണല്ലോ എല്ലാവരുടെയും ആവശ്യം. ഈ ആവശ്യം നടപ്പിൽവരുത്താനാണ് നാടുനീളെ നവസാഹിതികളും കലാസമിതികളും രൂപമെടുത്തിട്ടുള്ളത്. ഈ സമിതികളുടെ രൂപവത്കരണത്തിനും നടത്തിപ്പിനും മദിരാശിയിലുള്ള ഞങ്ങളുടെ സുഹൃത്തുക്കൾ തന്ന പ്രചോദനവും പ്രോത്സാഹനവും ഞങ്ങൾ കൃതജ്ഞതാപൂർവം സ്മരിക്കുന്നു. വയോജനവിദ്യാഭ്യാസത്തിനുവേണ്ടി വാരിക്കോരി പണം ചെലവാക്കുന്ന മദിരാശി ഗവൺമെന്റ് വളർന്നുവരുന്ന ഈ പ്രസ്ഥാനത്തിന്റെ സാധ്യതകളെ വേണ്ടതുപോലെ മനസ്സിലാക്കേണ്ടതുണ്ട്. ബഹുജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കാൻ സ്റ്റേജിനോളം പറ്റിയ മറ്റുപകരണങ്ങളില്ല. ആ വഴിക്കു ശ്രമിക്കുന്ന ഞങ്ങളെ ഗവൺമെന്റ് സഹായിക്കുക എത്രയും ആവശ്യമാണ്. മറിച്ച് ഞങ്ങളുടെ മുമ്പിലുള്ള ചില ബുദ്ധിമുട്ടുകൾ നീക്കം ചെയ്തുതരുവാൻ മുറവിളിച്ചിട്ടും ഗവൺമെന്റിന്റെ ചെവിയിലെത്തിക്കാണുന്നില്ല. പ്രധാനപ്പെട്ട രണ്ടു സംഗതി ഇവിടെ പ്രസ്താവിക്കാം; ഏതൊരു ദൃശ്യവും രംഗത്തിൽ പ്രയോഗിക്കാൻ മുൻകൂട്ടി സമ്മതം വാങ്ങണം എന്നൊരു നിയമമുണ്ട്. ഈ നിയമം വരുത്തിക്കൂട്ടുന്ന അസൗകര്യം കുറച്ചൊന്നുമല്ല. പ്രദർശിപ്പിക്കാനുള്ള സാഹിത്യം പരിശോധിക്കുന്നത് പോലീസ് ഉദ്യോഗസ്ഥന്മാരാണ്. അവർ എപ്പോഴും സാഹിത്യവിശാരദന്മാരായിക്കൊള്ളണമെന്നില്ലല്ലോ-അതുകൊണ്ട് പലപ്പോഴും നിരുപദ്രവങ്ങളും ഉപയോഗപ്രദങ്ങളുമായ പല നാടകങ്ങളും കളിക്കാൻ അനുവാദം നിഷേധിക്കപ്പെടുന്നു. അതെത്രമാത്രം പരിഹാസ്യമാകുന്നുണ്ടെന്ന് ഇതിനിടെ 'ജയകേരള'ത്തിൽ പ്രത്യക്ഷപ്പെട്ട ഒരു കഥ തെളിയിക്കുന്നുണ്ട്. പൊൻകുന്നം വർക്കിയുടെ 'പ്രേമവിപ്ലവം' എന്ന നാടകം കളിക്കാൻ അനുവാദം നിഷേധിച്ചു. ആ പേരിൽ വിപ്ലവം എന്ന വാക്കുള്ളതുകൊണ്ടാണ് നിഷേധിച്ചത്, ഉള്ളടക്കം കൊണ്ടല്ല. നാടകം അഭിനയിക്കുന്നതിനു മുമ്പേ അതു പരിശോധിക്കാൻ ഗവൺമെന്റിന്റെ അനുവാദം വേണമെന്ന വ്യവസ്ഥയോട് എനിക്ക് കഠിനമായ പ്രതിഷേധമുണ്ട്. ജനങ്ങളുടെ വിജ്ഞാനവാഞ്ഛയ്ക്കും കലാകാരന്മാരുടെ സ്വാതന്ത്ര്യത്തിനും മുമ്പിൽ യാതൊരു തരത്തിലുള്ള വിലങ്ങ് ഏർപ്പെടുത്തുന്നതിനെയും അനുവദിച്ചു കൂടാ. പക്ഷേ, കാര്യനടത്തിപ്പിനുവേണ്ടി, ഞാനത്രത്തോളം ആവശ്യപ്പെടുന്നില്ല. പരിശോധിക്കണമെന്നുണ്ടെങ്കിൽ ആ സാഹിത്യം മനസ്സിലാവുന്ന വല്ലവരെയും ഏല്പിക്കുക. കലാസമിതികളും നവസാഹിതികളും ഉത്തരവാദബോധമുള്ള സ്ഥാപനങ്ങളാണ്. അവരെ ഏല്പിക്കുക. എന്നിട്ട് വല്ല തകരാറും വരുന്നുണ്ടെങ്കിലല്ലേ ഗവൺമെന്റുദ്യോഗസ്ഥന്മാരുടെ വിലയേറിയ സമയം അതിനുവേണ്ടി ചെലവാക്കേണ്ടൂ?

മറ്റൊന്നുള്ളത് വിനോദ നികുതികൊണ്ടുള്ള ശല്യമാണ്. ഞങ്ങളാരും നാടകം കളിച്ച പണം സമ്പാദിക്കാൻ ഇറങ്ങിയവരല്ല. കലാസമിതികളുടെ കീഴിൽ നാടകം ഒരു വ്യവസായമല്ല. മറ്റുപല തൊഴിലുംകൊണ്ട് ഉപജീവനം കഴിക്കുന്ന മനുഷ്യർ തങ്ങൾക്കും അയൽപക്കക്കാർക്കും ഒരു വിനോദമുണ്ടാക്കാൻ വേണ്ടിയാണ് നാടകം കളിക്കുന്നത്. അതിന് അധികം പണച്ചെലവുമില്ല. എന്നാലും കുറച്ചെല്ലാം വേണ്ടേ? അതുകൂടി പട്ടിണികിടക്കുന്ന ഞങ്ങൾക്ക് സ്വന്തം കീശയിൽനിന്ന് എടുക്കാനുണ്ടോ? അപ്പോൾ അത്തരം ചെലവു നികത്താൻവേണ്ടി ഞങ്ങൾ ടിക്കറ്റടിച്ചു വിൽക്കുമ്പോൾ, 'അതിൽ നിന്നും കൊണ്ടുവാ നികുതി' എന്നു പറയുന്നതിൽ ഒരു നീതിയുമില്ല. ഈ എല്ലാ സ്റ്റേജുകളും അവകൊണ്ട് സാധിക്കുന്ന പ്രയോജനം-ബഹുജനാഭ്യുന്നതി-ഓർക്കുമ്പോൾ ഗവൺമെന്റ് ഏറ്റെടുത്ത് നടത്തേണ്ടതാണ്. അതു ചെയ്യുന്നില്ലെങ്കിൽ വേണ്ട, നാട്ടിലെ ചെറുപ്പക്കാർ നിസ്വാർത്ഥബുദ്ധിയോടെ അതിനൊരുങ്ങുമ്പോൾ അവർക്ക് നികുതി ചുമത്തുന്നത് എന്തൊരന്യായമാണ്, ബുദ്ധിശൂന്യതയാണ്! അനൗദ്യോഗികനടന്മാർ അഭിനയിക്കുന്ന നാടകാദികളെ വിനോദനികുതിയിൽനിന്ന് ഒഴിവാക്കുകതന്നെ വേണം. മദിരാശി ഗവൺമെന്റ് നവസാഹിതികളുടെയും കലാസമിതികളുടെയും ഈ അഭ്യർഥന തിരസ്കരിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. സുഹൃത്തുക്കളേ, നമസ്കാരം.

*1951 ജനുവരിയിൽ മദിരാശിയിൽവെച്ചു നടന്ന പന്ത്രണ്ടാം അഖിലമലയാളി സമ്മേളനത്തോടനുബന്ധിച്ചുള്ള സാഹിത്യസമ്മേളനത്തിൽ ആധ്യക്ഷ്യം വഹിച്ചുകൊണ്ട് ഇടശ്ശേരി ചെയ്ത പ്രഭാഷണം – ആ മാസം ഇറങ്ങിയ 'ജയകേരള'ത്തിൽ ഇത് പൂർണരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു.*